## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1545 — 18.06.2012 - ലെ മറുപടിക്ക്

**സർക്കാർ ഓഫീസിലെ മൊബൈൽ ഫോൺ നിരോധനം**

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|---|
| (എ) സർക്കാർ ഓഫീസുകളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ ; | | (എ) യും (ബി) യും<br>നിരോധിച്ചിട്ടില്ല. എന്നാൽ സർക്കാരിൽ ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തിൽ 06.02.2012 - ലെ 14409/ആർ.2/2011/ഉ.ഭ.പ.വ നമ്പർ സർക്കുലർ മുഖേന ഓഫീസ് സമയങ്ങളിൽ, ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളൊഴികെ, മൊബൈൽ ഫോൺ മുഖേനയുള്ള സ്വകാര്യ സംഭാഷണങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥർ നിയന്ത്രണം പാലിക്കണം എന്നും പൊതുജനങ്ങളുമായി ഇടപെടുന്ന സമയത്ത് അവ ഒഴിവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) സർക്കാർ തന്നെ 'സിം കാർഡ്' നൽകിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ ; | (സി) | ഔദ്യോഗിക മൊബൈൽ ഫോൺ സംഭാഷണങ്ങൾക്ക് ടി ഉത്തരവ് ബാധകമാക്കിയിട്ടില്ല. |
| (ഡി) ഓഫീസുകളിലെ ലാന്റ് ഫോണുകളിൽ വിളിച്ച് ഫയൽ സംബന്ധമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് എല്ലാ ഓഫീസുകളിലും സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | നിലവിൽ ലാന്റ് ഫോൺ സൗകര്യമുള്ള സർക്കാർ ഓഫീസുകളിൽ ഫയൽ സംബന്ധമായ കാര്യങ്ങൾ ടെലിഫോൺ മുഖേന മനസ്സിലാക്കുന്നതിനുള്ള സൗകര്യം ഉണ്ട്. |

സെക്ഷൻ ഓഫീസർ